## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 723

02/12/2015-ൽ മറുപടിക്ക്

## പനികൾ ബാധിച്ച് മരണപ്പെട്ടവരുടെ വിവരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കോടിയേരി ബാലകൃഷ്ണൻ** | **ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)** |
| എ) ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ പനികൾ ബാധിച്ച് എത്രപേർ മരണപ്പെട്ടെന്ന് വിശദമാക്കുമോ ; | എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ബി) പനിബാധിച്ച് മരിക്കുന്നതിന് പ്രധാന കാരണങ്ങളായി കണ്ടെത്തിയ വിവരങ്ങൾ വിശദമാക്കുമോ; | ബി) 1. പ്രമേഹം, ഹൃദ്രോഗം, കരൾ രോഗങ്ങൾ, വൃക്ക രോഗങ്ങൾ പോലുള്ള മറ്റ് ഗുരുതര രോഗങ്ങൾ ഉള്ളവർക്ക് വൈറൽ പനി ബാധിച്ചാൽ മരണത്തിന് കൂടുതൽ സാധ്യതയുള്ളതായി കണ്ടുവരുന്നു.<br>2. കൃത്യമായ ചികിത്സ തേടുന്നതിലും ലഭ്യമാക്കുന്നതിലും വരുന്ന കാലതാമസവും ഒരു പരിധിവരെ കാരണമായി കാണുന്നു.<br>3. പ്രായാധിക്യവും രോഗ പ്രതിരോധ ശേഷി കുറഞ്ഞ അവസ്ഥയും ഉള്ളവരെ വൈറൽ പനി ബാധിച്ചാൽ മരണത്തിനുള്ള സാദ്ധ്യത താരതമ്യേന കൂടുതലായി കണ്ടുവരുന്നു. |
| സി) ഇത്തരം പനികൾ പ്രതിരോധിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ ? | സി) പകർച്ചവ്യാധി പ്രതിരോധത്തിനും നിയന്ത്രണത്തിനും ഒരു വർഷം നീണ്ടു നില്ക്കുന്ന കർമ്മ പരിപാടി തയ്യാറാക്കി ഇതര വകുപ്പുകളുടെ സഹകരണത്തോടെ നടപ്പിലാക്കി വരുന്നു.<br>• മഴക്കാല പൂർവ്വ ശുചീകരണത്തിനും, കൊതുക |

നിയന്ത്രണത്തിനും, ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനുമുള്ള കാമ്പെയ്നുകൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കി വരുന്നു.

- രോഗം പൊട്ടിപ്പുറപ്പെടുന്നത് മുൻകൂട്ടി കണ്ടുപിടിക്കുവാൻ രോഗ നിരീക്ഷണം, കൊതുക് നിരീക്ഷണം തുടങ്ങിയവ നടത്തിവരുന്നു.
- രോഗ ചികിത്സക്കും രോഗ പരിചരണത്തിനുമുള്ള സജ്ജീകരണങ്ങൾ ആശുപത്രികളിൽ ഒരുക്കിയിട്ടുണ്ട്.
- ആവശ്യാനുസരണം ഉദ്യോഗസ്ഥരെ വിന്യസിച്ചു.
- മരുന്ന്, അനുബന്ധ സാമഗ്രികൾ, കൊതുക് നശീകരണത്തിനുള്ള ഉപകരണങ്ങൾ, കീടനാശിനികൾ തുടങ്ങിയവ ലഭ്യമാക്കി.
- രോഗം റിപ്പോർട്ട് ചെയ്ത സ്ഥലങ്ങളിൽ ജില്ലാതലത്തിൽ ദ്രുതകർമ്മ സേന സന്ദർശിച്ച് രോഗ നിയന്ത്രണം ത്വരിതപ്പെടുത്തി.
- പൊതുജനാരോഗ്യ നിയമങ്ങളും മറ്റ് നിയമങ്ങളും അനുസരിച്ച് വീടുകൾ, സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ, അന്യസംസ്ഥാന തൊഴിലാളി ക്യാമ്പുകൾ തുടങ്ങിയവ പരിശോധിച്ച് നിയമ നടപടികൾ സ്വീകരിച്ചു.

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**

തിരുവനന്തപുരം

# Confirmed Deaths due to Communicable diseases from May 2011 to 27.11.2015

| Diseases | 2011.may -Dec | 2012 | 2013 | 2014 | 2015 | Total |
|---|---|---|---|---|---|---|
| Fever | 10 | 11 | 23 | 29 | 14 | 87 |
| Dengue | 7 | 16 | 29 | 13 | 35 | 100 |
| Leptospirosis | 59 | 18 | 34 | 43 | 23 | 177 |
| Malaria | 1 | 3 | 0 | 6 | 3 | 13 |
| Hepatitis A | 9 | 8 | 8 | 6 | 6 | 37 |
| Japanese Encephalitis | 2 | 1 | 0 | 2 | 1 | 6 |
| H1N1 | 10 | 15 | 1 | 15 | 78 | 119 |
| Typhoid | 1 | 1 | 0 | 0 | 0 | 2 |
| Scrub Typhus | 0 | 0 | 0 | 6 | 15 | 21 |
| KFD | 0 | 0 | 0 | 0 | 11 | 11 |

[illegible]
നോഡൽ ഓഫീസർ